LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശബരിമലയിൽ എത്തുന്ന ഭക്തജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുകയെന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. 129 കോടി രൂപയാണ് അതിനുവേണ്ടി അനുവദിക്കപ്പെട്ടിട്ടുള്ളത്. ഇവിടെ സൂചിപ്പിച്ചതുപോലെ ബഹുമാന്യനായ ദേവസ്വം വകുപ്പുമന്ത്രിയുടെ ആവശ്യമനുസരിച്ച് ഒരു മീറ്റിംഗ് കൂടി പ്രാഥമിക ചർച്ച നടത്തിയിരുന്നു. അതോടൊപ്പം പ്രിയപ്പെട്ട എം.എൽ.എ.-മാരായ ശ്രീ. പ്രമോദ് നാരായണും ശ്രീ. കെ. യു. ജനീഷ് കുമാറും ആവശ്യപ്പെട്ടതനുസരിച്ച് ഞാൻ സംഭവസ്ഥലവും സന്ദർശിച്ചിരുന്നു. ടി പദ്ധതി വളരെ വേഗത്തിലാക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിനായി നിലയ്ക്കൽ കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

(6) സാമുദായിക സംവരണം

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, പരമ്പരാഗതമായി കളിമൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുള്ള എട്ട് ലക്ഷത്തോളം പേർ ഇന്ന് കേരളത്തിലുണ്ട്. ഇവർ കുശവൻ, കുംഭാരൻ, കുലാല, ആന്ധ്രർ നായർ, വേളൻ, ഓടൻ, ആന്ധ്ര നായർ എന്നീ വ്യത്യസ്ത സമുദായങ്ങളിൽപ്പെടുന്നു. ആന്ധ്ര നായർ 1980 വരെ പട്ടികജാതി പട്ടികയിലുൾപ്പെട്ടതായിരുന്നു. മാത്തൂർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അതിൽനിന്നും അവരെ ഒഴിവാക്കിയത്. സാമ്പത്തികമായും വിദ്യാഭ്യാസപരമായും സാമൂഹ്യമായും വളരെ പിന്നോക്കം നിൽക്കുന്ന ഈ വിഭാഗത്തെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്നാണ് പ്രധാനമായും അഭ്യർത്ഥിക്കാനുള്ളത്. ഇവർക്ക് ചെമ്മണ്ണും കളിമണ്ണും മണലും ഇടനിലക്കാരില്ലാതെ എത്തിക്കാനും നിലവിലുള്ള ക്ഷേമ കോർപ്പറേഷൻ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച സബ്മിഷന്റെ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സന്നിധാന പാതയിൽ സ്ഥാപിച്ച് അയ്യപ്പഭക്തർക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള സംവിധാനവും ഒരുക്കുന്നതാണ്. ശബരിമല തീർത്ഥാടകർക്ക് കുടിവെള്ളമെത്തിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് കേരള വാട്ടർ അതോറിറ്റി പത്തനംതിട്ട പി.എച്ച്. ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ. റ്റി. തുളസീധരനെ പ്രത്യേകമായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

6. (സാമൂദായിക സംവരണം സംബന്ധിച്ച് ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹു.പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

കളിമൺപാത്ര നിർമ്മാണ വിപണന വികസന കേർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി കോർപ്പറേഷന് ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കേർപ്പറേഷനെ ചാനലൈസിംഗ് ഏജൻസിയായി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത കോർപ്പറേഷൻ മുഖേന ചുവടെ ചേർക്കുന്ന വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1) കളിമൺപാത്ര നിർമ്മാണ യൂണിറ്റ് ആധുനികവൽക്കരണ വായ്പാ പദ്ധതി.

2) കളിമൺപാത്ര നിർമ്മാണ-വിപണന പ്രവർത്തനമൂലധന വായ്പാ പദ്ധതി.

കളിമൺപാത്ര നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന ജനവിഭാഗത്തെ സംബന്ധിക്കുന്ന സമഗ്രമായ സർവ്വേ നടത്തുന്നതിന് M/s COSTFORD-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ശുചിത്വ മിഷന്റെ സർവ്വീസ് പ്രൊവൈഡർ ആയി കോർപ്പറേഷനെ നിശ്ചയിച്ചിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കളിമൺ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും നടത്തുന്നതിനുള്ള അനുമതിക്കായി ടൂറിസം വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 106(5) പ്രകാരം പരമ്പരാഗത കളിമൺപാത്ര നിർമ്മാണത്തൊഴിലാളികൾക്കും ടി തൊഴിലാളികളുടെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കും ഓരോ കലണ്ടർ വർഷംതോറും 50 ടൺ കളിമണ്ണ് കുഴിച്ചെടുക്കുന്നതിന് നിലവിലുള്ള നിയമങ്ങളൊന്നുംതന്നെ തടസ്സമല്ല. ഇത്തരം തൊഴിലാളികൾ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട 50 ടൺ കളിമണ്ണിന്റെ റോയൽറ്റി അടയ്ക്കേണ്ടതില്ലെന്നും അപേക്ഷ സമർപ്പിക്കുന്നപക്ഷം പ്രസ്തുത ധാതു ഗതാഗതം ചെയ്യുന്നതിന് സ്പെഷ്യൽ മിനറൽ ട്രാൻസിറ്റ് പാസ് അനുവദിച്ച് ചട്ടം 106(5) വ്യവസ്ഥ ചെയ്യുന്നു. കൂടാതെ 15.01.2016-ലെ Environment Impact Assessment Notification-ൽ വന്ന ഭേദഗതി പ്രകാരം പരമ്പരാഗത രീതിയിൽ കളിമൺ ഖനനം ചെയ്യുന്നതിന് പാരിസ്ഥിതികാനുമതി ഒഴിവാക്കുകയും ചെയ്യുന്നു. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ

LIBRARY ARCHIVES Kerala Legislative Assembly

നിയമപ്രകാരം നെൽവയലുകളിൽനിന്നും നീർത്തടങ്ങളിൽനിന്നുമുള്ള ഖനനം നിരോധിച്ച സാഹചര്യത്തിൽ ഡാറ്റാ ബാങ്കിലുൾപ്പെടാത്ത ഭൂമിയിൽ മാത്രമേ ഖനനാനുമതി നൽകാൻ നിലവിലെ നിയമം അനുവദിക്കുന്നുള്ളൂ. കളിമൺപാത്രങ്ങളുടെ വിപണി മെച്ചപ്പെടുത്തുന്നതിലേയ്ക്കായി മൺപാത്ര ക്ഷേമ കോർപ്പറേഷനുമായി സഹകരിച്ച് പദ്ധതികൾ നടപ്പിലാക്കാൻ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്.

7. (ട്രൈബൽ ആശുപത്രി സംബന്ധിച്ച് ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹു.പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

കേരളത്തിൽ വയനാട് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പട്ടികവർഗ്ഗ ജനസംഖ്യയുള്ള ജില്ലയാണ് കാസർഗോഡ്. കാസർഗോഡ്, മഞ്ചേശ്വരം, ഹോസ്ദുർഗ്ഗ് താലൂക്കുകളുൾപ്പെടുന്ന പട്ടികവർഗ്ഗ പ്രദേശങ്ങൾ കാസർഗോഡ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ പരിധിയിലും വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിൽ വരുന്ന പട്ടികവർഗ്ഗ കേന്ദ്രങ്ങൾ പരപ്പ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ അധികാര പരിധിയിലുമാണ്. ഇതിൽ പരപ്പ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ പരിധിയിൽ വരുന്ന 40,000-ത്തോളം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പൂടംകല്ല് സാമൂഹ്യാരോഗ്യ കേന്ദ്രം, കാത്തന്നാട് പ്രവർത്തിക്കുന്ന കാസർഗോഡ് ജില്ലാ ആശുപത്രി, വെള്ളരിക്കുണ്ട് പ്രാഥമികാരോഗ്യകേന്ദ്രം എന്നിവിടങ്ങളിൽ കിടത്തി ചികിത്സയുൾപ്പെടെയുള്ള സൗകര്യം ലഭ്യമാണ്. കാസർഗോഡ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ പരിധിയിൽ കാറടുക്ക ബ്ലോക്ക് പരിധിയിലെ കുറ്റിക്കോൽ, ബേഡഡുക്ക പഞ്ചായത്തുകളിലെ മാവിലൻ, മലവേട്ടുവൻ, മറാഠി വിഭാഗക്കാർ നിലവിൽ ചികിത്സയ്ക്കായി കാസർഗോഡ് താലൂക്ക് ആശുപത്രിയെയും പരിയാരം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിനെയുമാണ് ആശ്രയിക്കുന്നത്. നിലവിൽ ബദിയടുക്ക ഗ്രാമപഞ്ചായത്തിൽ ഒരു ആയുർവേദ ഡിസ്പെൻസറി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ചികിത്സാവശ്യത്തിനായി പൊതുവേ തൊട്ടടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് ഇവർ പ്രധാനമായും ആശ്രയിക്കുന്നത്. ബേഡഡുക്ക പഞ്ചായത്തിലെ വലിയപാറയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 10 ഏക്കർ ഭൂമി മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. നിലവിൽ കാസർഗോഡ് മേഖലയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്. എന്നിരുന്നാലും ഈ വിഭാഗക്കാർക്കായി കാസർഗോഡ് ഒരു ട്രൈബൽ ആശുപത്രി അനുവദിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിക്കുന്നതാണ്.